ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 14.04.2025**

## പ്രധാനവാർത്തകൾ

1. വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഹരിയാനയിൽ. ഹിസാർ-അയോധ്യ വിമാന സർവീസ് പ്രധാനമന്ത്രി ഫ്ളാഗ് ഓഫ് ചെയ്യു.

2. ഭരണഘടന ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ 135 ആം ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം.

3. ഐശ്വര്യത്തിന്റേയും കാർഷിക സമൃദ്ധിയുടെയും ഓർമകൾ പുതുക്കി മലയാളികൾ വിഷു ആഘോഷിക്കുന്നു.

4. അഗ്നി സുരക്ഷിത ഇന്ത്യയ്ക്കായി ഒന്നിക്കാനുള്ള ആഹ്വാനവുമായി ഇന്ന് ദേശീയ അഗ്നി സുരക്ഷാ ദിനം.

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്- ചെന്നൈ സൂപ്പർ കിങ്സ് പോരാട്ടം.

***************************

PRU TVPM

## പ്രധാനമന്ത്രി - ഹരിയാന

അംബേദ്കർ ജയന്തി ദിനമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഹരിയാന സന്ദർശിക്കുകയാണ്. ഹിസാർ വിമാനത്താവളത്തിന്റെ പുതിയ ടെർമിനലിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ച പ്രധാനമന്ത്രി അദ്ദേഹം ഹിസാർ -അയോധ്യ വിമാന സർവീസ് ഫ്ളാഗ് ഓഫ് ചെയ്യു. ഉദ്ഘാടനത്തോടനുബന്ധിച്ചു സംഘടിപ്പിച്ച പൊതുയോഗത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യു. 2014 ന് മുമ്പ് 74 വിമാനത്താവളങ്ങൾ മാത്രമായിരുന്ന രാജ്യത്ത് ഇപ്പോൾ വിമാനത്താവളങ്ങളുടെ എണ്ണം 150 കവിഞ്ഞതായി അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

ദളിത്, പിന്നാക്ക വിഭാഗങ്ങളുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും ദ്രുതഗതിയിലുള്ള വികസനത്തിനായി പ്രവർത്തിക്കുക എന്നതാണ് തന്റെ പാർട്ടിയുടെ മന്ത്രമെന്ന് അദ്ദേഹം പറഞ്ഞു. ബാബാ സാഹിബ് അംബേദ്കറിന് ആദരാഞ്ജലി അർപ്പിച്ച പ്രധാനമന്ത്രി, ജന്മവാർഷികദിനത്തെ "ദീപാവലി"യെന്നാണ് വിശേഷിപ്പിച്ചത്.

***************************

## അംബേദ്കർ ആദരാഞ്ജലി - പാർലമെന്റ്

ഭരണഘടന ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ 135 ആം ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശ്, രാജ്യ സഭാ നേതാവ് ജെ പി നഡ്ഡ, രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, കേന്ദ്ര മന്ത്രിമാർ, പാർലമെന്റ് അംഗങ്ങൾ തുടങ്ങിയവർ പാർലമെന്റ് വളപ്പിലെ ഡോ ബി ആർ അംബേദ്കറുടെ

RNU TVPM

പ്രതിമയ്ക്ക് മുന്നിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു. ലോക്സഭാ സ്പീക്കർ ഓം ബിർള, ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത, കേന്ദ്രമന്ത്രിമാർ, പാർലമെന്റ് അംഗങ്ങൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ എന്നിവർ സംവിധാൻ സദനിലെ സെൻട്രൽ ഹാളിൽ ഡോ.അംബേദ്കറുടെ ഛായാചിത്രത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു. സാമൂഹിക നീതി എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുള്ള പ്രയാണത്തിൽ ഡോ. അംബേദ്കർ എന്നും പ്രചോദനമാണെന്ന് പ്രധനമന്ത്രി നരേന്ദ്ര മോദി മോദി ട്വീറ്റ് ചെയ്തു. അദ്ദേഹത്തിന്റെ ദർശനങ്ങൾ സ്വാശ്രയവും വികസിതവുമായ ഇന്ത്യയുടെ സൃഷ്ടിക്ക് ആക്കം കൂട്ടുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

****************************

## ആകാശവാണി-അംബ്ദേകർ ജയന്തി

BNUTVPM

അംബേദ്കർ ജയന്തി ദിനമായ ഇന്ന് ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ബാബാസാഹേബ് അനുസ്മരണം സംഘടിപ്പിച്ചു. ആകാശവാണി ഡയറക്ടർ എൻജിനിയറിങ് കെ. സുബ്രമണ്യ അയ്യർ പരിപാടി ഉദ്ഘാടനം ചെയ്തു. ആകാശവാണി പ്രോഗ്രാം വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ശ്രീകുമാർ മുഖത്തല ചടങ്ങിൽ സംസാരിച്ചു. ഡോ ബി. ആർ. അംബേദ്കറിന്റെ ഛായ ചിത്രത്തിൽ പുഷപാർച്ചനയും നടന്നു.

****************************

## ഗുരുവായൂർ-വിഷു (ഇൻട്രോ)

ഐശ്വര്യത്തിന്റേയും കാർഷിക സമൃദ്ധിയുടെയും ഓർമകൾ പുതുക്കി ഇന്ന് വിഷു. കണിയൊരുക്കിയും കൈനീട്ടം നൽകിയും വിഷു ആഘോഷത്തിന്റെ തിരക്കിലാണ് മലയാളികൾ. വിഷുക്കണി ദർശനത്തിനായി ഗുരുവായൂർ ക്ഷേത്രത്തിൽ വലിയ ഭക്തജന തിരക്കാണ് അനുഭവപ്പെട്ടത്. വിഷുപ്പുലരിയിൽ ഗുരുവായൂരിൽ കണ്ണനെ കണി കാണാൻ പതിനായിരങ്ങളെത്തി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്....

(വോയിസ്)

***************************

## വിഷു - പ്രധാനമന്ത്രി - മുഖ്യമന്ത്രി

പുതുവർഷം ജീവിതത്തിൽ പുതിയ പ്രതീക്ഷകളും സമാധാനവും ആമോദവും നിറയട്ടെയെന്നും പുതിയ തുടക്കങ്ങളും വിജയവും കൈവരട്ടെയെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസിച്ചു. ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും അടയാളപ്പെടുത്തലാണ് വിഷുവെന്നും അഭിവൃദ്ധിയുടെ നല്ല നാളുകൾക്കായി പ്രതീക്ഷകളും സ്വപ്നങ്ങളും പങ്കുവെക്കാൻ ഏവരും ഒത്തുകൂടുന്ന ആഘോഷ നിമിഷങ്ങളാണിതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

***************************

## ഗവർണ്ണർ-വിഷു ഉപഹാരം

സംസ്ഥാന ഗവർണ്ണർ ശ്രീ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും പ്രതിപക്ഷനേതാവിനും കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാർക്കും വിഷു ഉപഹാരം നൽകി. വിഷു കൈനീട്ടവും കോടിയും പാൽപായസവും പഴവും ഉപ്പേരിയും അടങ്ങുന്ന ഉപഹാരമാണ് നൽകിയത്. ഏവർക്കും സമൃദ്ധിയുടേയും സന്തോഷത്തിന്റേയും ആശംസകളും അദ്ദേഹം നേർന്നു.

***************************

## ശബരിമല-സ്വർണ ലോക്കറ്റ് വിതരണം

ശബരിമല സന്നിധാനത്ത് അയ്യപ്പ ചിത്രം ആലേഖനം ചെയ്ത, ശ്രീകോവിലിൽ പൂജിച്ച സ്വർണ്ണ ലോക്കറ്റുകളുടെ വിതരണോത്ഘാടനം ദേവസ്വം മന്ത്രി വി.എൻ. വാസവൻ നിർവഹിച്ചു. ഓൺലൈനിലൂടെ ആദ്യം ബുക്ക് ചെയ്ത ഭക്തരിൽ

RNU TVPM

നിന്നും തിരെഞ്ഞെടുത്ത ആന്ധ്രപ്രദേശ് സ്വദേശി കൊമ്പാഗെപ്പു മണിരത്നത്തിന് ആദ്യ ലോക്കറ്റ് കൈമാറി. രണ്ട് ഗ്രാം, നാല് ഗ്രാം, 8 ഗ്രാം എന്നിങ്ങനെ വ്യത്യസ്ത തൂക്കത്തിലുള്ള ലോക്കറ്റുകൾ ലഭ്യമാണ്.

***************************

**ചോക്സി**

പഞ്ചാബ് നാഷണൽ ബാങ്ക് വായ്പാ തട്ടിപ്പ് കേസിൽ ഒളിവിൽ കഴിഞ്ഞിരുന്ന വജ്ര വ്യാപാരി മെഹുൽ ചോക്സിയെ ബെൽജിയം പോലീസ് അറസ്റ്റ് ചെയ്തതായി റിപ്പോർട്ട്. സി.ബി.ഐ അഭ്യർത്ഥന പ്രകാരം ശനിയാഴ്ചയാണ് 65 കാരനായ മെഹുൽ ചോക്സിയെ അറസ്റ്റ് ചെയ്തതെന്നാണ് സൂചന. ചോക്സിക്കെതിരെ മുംബൈ കോടതിയുടെ അറസ്റ്റ് വാറണ്ട് നിലവിലുണ്ട്.

***************************

**അഗ്നി സുരക്ഷാ ദിനം (ഇൻട്രോ)**

ഇന്ന് ദേശീയ അഗ്നി സുരക്ഷാ ദിനം. 1944-ൽ ഇതേ ദിവസം മുംബൈ തുറമുഖത്തെ വിക്ടോറിയ ഡോക്കിൽ ഉണ്ടായ വൻ തീപിടുത്തത്തിൽ മരിച്ചവരുടെ സ്മരണയ്ക്കും, തീപിടുത്തം തടയുന്നതിനുമായാണ് ദിനാചരണം. ആഭ്യന്തര മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ രാജ്യവ്യാപകമായി ഇന്ന് മുതൽ 20 വരെ അഗ്നിശമന സേവന വാരവും ആചരിക്കും. **ഊർജ്ജ സുരക്ഷിതമായ ഇന്ത്യയെ ജ്വലിപ്പിക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നതാണ് ദിനാചരണ പ്രമേയമെന്നു തിരുവനന്തപുരം മേഖല അഗ്നി സുരക്ഷാ ഓഫീസർ അബ്ദുൽ റഷീദ് ആകാശവാണി വാർത്തകളോട് പറഞ്ഞു...**

**(ഹോൾഡ് വോയിസ്)**

***************************

**ഫയർ ഫോഴ്സ് - കോഴിക്കോട് (ഇൻട്രോ)**

RNUTVPM

മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ അഗ്നിരക്ഷാസേനാംഗങ്ങൾക്ക് മഴക്കാലങ്ങളിലും വെള്ളച്ചാട്ടങ്ങളിലും കാര്യക്ഷമമായ രക്ഷാപ്രവർത്തനം സാധ്യമാക്കുന്ന "ടിറോലിൻ ട്രാവേഴ്സ്" റോപ്പ് റെസ്ക്യൂ പരിശീലനം നൽകി. വയനാട് ദുരന്തത്തിൽ രക്ഷാപ്രവർത്തനങ്ങൾക്ക് ആദ്യഘട്ടങ്ങളിൽ നേതൃത്വം നൽകിയ കോഴിക്കോട് ജില്ലയിലെ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് ടീമംഗങ്ങളാണ് പരിശീലനം നയിച്ചത്.

**വിശദവിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു..**

(വോയിസ്)

***************************

**ആശ പ്രവർത്തകരുടെ സമരം**

ആശാ പ്രവർത്തകരുടെ സമരം വിഷു ദിനത്തിലും തുടരുന്നു. സമരപന്തലത്തിൽ വിഷുക്കണി ഒരുക്കിയാണ് സമരം തുടരുന്നത്. നിരാഹാര സമരം 25-ാം ദിവസം പിന്നിട്ടു. ആവശ്യങ്ങൾ അംഗീകരിക്കാതെ പിന്നോട്ടില്ലെന്ന് സരമ സമിതി അറിയിച്ചു. നിയമനം നടത്തണമെന്നാവശ്യപ്പെട്ട് വനിതാ സിപിഒ റാങ്ക് പട്ടികയിലുൾപ്പെട്ടവർ സെക്രട്ടേറിയേറ്റിനു മുന്നിൽ രക്തം കൊണ്ട് പ്ലക്കാർഡെഴുതി പ്രതിഷേധിച്ചു.

***************************

**കെ സി വേണുഗോപാൽ**

ജനപക്ഷ നിലപാടുകളിലൂടെ ജന മനസ്സിൽ ഇടം നേടാൻ കഴിഞ്ഞയാളാണ് മുൻ മുഖ്യമന്ത്രി വിഎസ് അച്യുതാനന്ദനെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ എംപി. ആലപ്പുഴ മുഹമ്മയിൽ ജനകീയ ലാബിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 'പഞ്ചായത്ത് അംഗവും വി.എസ് ന്റെ മുൻ പേഴ്സണൽ സ്റ്റാഫ്

PNUTVPM

അംഗവുമായിരുന്ന ലതീഷ് ചന്ദ്രന്റെ നേതൃത്വത്തലാണ് ലാബ് തുറന്നത്.

***************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, ചെന്നൈ സൂപ്പർ കിംങ്സുമായി ഏറ്റുമുട്ടും. രാത്രി 07:30 നാണു മത്സരം. ഇന്നലെ നടന്ന മത്സരങ്ങളിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, രാജസ്ഥാൻ റോയൽസിനെയും മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപ്പിറ്റൽസിനെയും പരാജയപ്പെടുത്തി.

***************************

## വയനാട്-കൊലപാതകം

വയനാട് കേണിച്ചിറക്ക് സമീപം ഭാര്യയെ കൊലപ്പെടുത്തി ഭർത്താവ് ആത്മഹത്യക്ക് ശ്രമിച്ചു. കേണിച്ചിറ കേളമംഗലം മാഞ്ചിറയിൽ ജിൽ സൺആണ് ഭാര്യയെ നിഷയെകൊലപ്പെടുത്തിയത്. കൈ മുറിച്ച് ആത്മഹത്യക്ക് ശ്രമിച്ച ജിൽസനെ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി.

***************************

## കാലാവസ്ഥ

സംസ്ഥാനത്ത് 17 വരെ ഒറ്റപ്പെട്ടയിടങ്ങളിൽ മിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെക്കൻ കേരളത്തിൽ കാപ്പിൽ മുതൽ പൂവാർ വരെയും കന്യാകുമാരി തീരത്തും ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്.

***************************

## കൊല്ലം-പൂരം

കൊല്ലം പൂരവും കുടമാറ്റവും നാളെ വൈകിട്ട് ആശ്രാമം മൈതാനത്ത് നടക്കും. പൂരം പ്രമാണിച്ച് നാളെ ഉച്ചക്ക് രണ്ട് മുതൽ കോർപറേഷൻ പരിധിയിൽ ജില്ലാ കലക്ടർ പ്രാദേശിക

RNUTVPM

അവധി പ്രഖ്യാപിച്ചു. നേരത്തെ നിശ്ചയിച്ച പൊതുപരീക്ഷകൾക്കും സർക്കാർ പരിപാടികൾക്കും അവധി ബാധകമാകില്ല.

***************************

## സ്വർണവില

സംസ്ഥാനത്ത് സ്വർണ വിലയിൽ കുറഞ്ഞു. പവന് 120 രൂപ കുറഞ്ഞ് 70,040 രൂപയായി.

*

*************

****************************************

RNU TVPM